# Desabhimani
# 12 July 2018
# Vytila, Waterlogged on the Road

## മേയറുടെ ഡിവിഷനിൽ വെള്ളക്കെട്ട്; ജനം ദുരിതത്തിൽ

**വൈറ്റില**

മേയർ സൗമിനി ജെയ്നിന്റെ ഡിവിഷനിൽ റോഡിലെ വെള്ളക്കെട്ടുമൂലം ജനം ദുരിതമനുഭവിക്കുന്നു. കൊച്ചി നഗരസഭ 54-ാം ഡിവിഷനിൽ ജവഹർനഗർ ക്രോസ്റോഡിലെ വെള്ളകെട്ടുമൂലമാണ് ജനം ദുരിതമനുഭവിക്കുന്നത്. നിരവധി കാൽനടയാത്രികരും വാഹനങ്ങളും കടന്നുപോകുന്ന റോഡിൽ രണ്ട് ഭാഗത്തുമുള്ള കാനകളിലെ ചളിയും മാലിന്യങ്ങളും മഴക്കാലത്തിനുമുമ്പേ നീക്കം ചെയ്യാത്തതാണ് വെള്ളകെട്ടിന് കാരണമെന്ന് പ്രദേശവാസികൾ പറഞ്ഞു. പലതവണ മേയറെക്കണ്ട് റോഡിലെ കുഴികളും കാനയിലെ മാലിന്യവും നീക്കംചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടും പരിഹാരമായില്ല.

കൊതുകുനിവാരണപ്രവർത്തനങ്ങൾ ഒന്നും നടത്താത്തതുകൊണ്ട് പകൽപോലും പുറത്തേക്ക് ഇറങ്ങാൻ പറ്റുന്നില്ല. വഴിവിളക്കുകളിൽ പലതും തെളിയുന്നില്ലന്നും പ്രദേശവാസികൾ പറഞ്ഞു.